LIBRARY ARCHIVES Kerala Legislative Assembly

പിറ്റ് കോക്കിൽനിന്നും വൈദ്യുതി

17 (362) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറ്റ് കോക്കിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിലുള്ള വൈദ്യുതി ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 500 മെഗാവാട്ട്.

(സി) കൊച്ചി റിഫൈനറിയോട് ചേർന്നുകിടക്കുന്ന ഫാക്ടിന്റെ 150 ഏക്കർ സ്ഥലമാണ് പദ്ധതിക്കായി കണ്ടുവച്ചിരിക്കുന്നത്. കേന്ദ്ര രാസവളം മന്ത്രാലയത്തോടും ഫാക്ട് മാനേജ്മെന്റിനോടും ഈ സ്ഥലം പദ്ധതിക്കായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള DBFOT മാതൃകയിൽ ടെണ്ടർ ക്ഷണിച്ച് പദ്ധതിയുടെ നിർമ്മാണവും നടത്തിപ്പും നിശ്ചിത വർഷക്കാലത്തേയ്ക്ക് യൂണിറ്റിന് നിശ്ചിത നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള പവർ പർച്ചേസ് എഗ്രിമെന്റ്വഴി നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സ്വിസ് ചലഞ്ച് മാതൃകയിൽ ഇൻകെലിന് (INKEL) പദ്ധതി വികസിപ്പിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ആദ്യ ഓഫർ സമർപ്പിക്കുന്നതിനും തുടർന്ന് Kerala State Electricity Board Limited Case 2/DBFOTമാതൃകയിൽ

ക്ഷണിക്കുന്ന ടെണ്ടറിലെ നിരക്ക് കുറവാണെങ്കിൽ അതിനെക്കാൾ മികച്ച നിരക്ക് ക്വാട്ട് ചെയ്യുന്നതിനും സ്വിസ് ചലഞ്ച് മാതൃകയിൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

(ഡി) i. പ്രാഥമിക പഠനം നടത്തി ക്വാട്ട് സമർപ്പിക്കുന്നതിന് ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ii. ഫാക്ടിന്റെ അമ്പലമുകളിലുള്ള 150 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാന ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഫാക്ട് മാനേജ്മെന്റുമായി ചർച്ചകൾ നടത്തിയതിന്റെ ഫലമായി ഫാക്ടിന്റെ കൈവശത്തിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ 150 ഏക്കർ ഭൂമി സൗജന്യമായി സംസ്ഥാന സർക്കാരിന് നൽകിക്കൊണ്ട് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

iii. പിറ്റ്കോക്കിന്റെ വില സംബന്ധിച്ച് ബി.പി.സി.എൽ-മായി ചർച്ചകൾ ഗവൺമെന്റ് തലത്തിൽ പുരോഗമിച്ചുവരുന്നു.

സൗജന്യ വൈദ്യുതി കണക്ഷൻ

18 (363) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് ഇപ്പോൾ സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നത് ;

(ബി) സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമാക്കുമോ ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ലൈൻ ദീർഘിപ്പിക്കൽ ആവശ്യമില്ലാത്ത ഗാർഹിക വൈദ്യുതി കണക്ഷനുകൾ, ആയിരം വാട്ട്സ് കണക്ടഡ് ലോഡുള്ള എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. അപേക്ഷകർക്കും സൗജന്യമായി വൈദ്യുത കണക്ഷൻ നൽകിവരുന്നു.

(ബി) 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള വ്യക്തികൾക്കും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികൾക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) വൈദ്യുതി കണക്ഷൻ, സൗജന്യമായി

LIBRARY ARCHIVES Kerala Legislative Assembly